99.32
29/4/17

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്-പെരിയാർ വെസ്റ്റ് ഡിവിഷൻ, കുമരകം പക്ഷി സങ്കേതത്തിൽ 1997-98, 2000-01 കാലയളവിൽ നടന്ന ഡിപ്പാർട്ട്മെന്റൽ ജോലികളിലെ ക്രമക്കേട്-സർവ്വശ്രീ.ഇ.പി.കുമാരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട), കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.143/2017/വനം തീയതി, തിരുവനന്തപുരം, 07.04.2017.

---

പരാമർശം:-

1) 02.04.2002 ലെ വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ വി.ഇ 3-5064/2001 നമ്പർ കത്ത്.
2) 12.07.2002 ലെ സ.ഉ.(സാധാ) നം.215/2002/വനം ഉത്തരവ്
3) 5.11.2015 ലെ 3319/എ 1/02/വനം നമ്പർ സർക്കാർ കത്ത്.
4) 23.02.2010 ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ സി6 (വിസി 02/2005/കെടിഎം) 46965/2004 നമ്പർ കത്ത്.
5) 11.07.2012 ലെ സ.ഉ.(സാധാ) നം.351/2012/വനം, സ.ഉ.(സാധാ) നം.352/2012/വനം ഉത്തരവുകൾ
6) 21.06.2013 ലെ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ എ 2-7736/12 നമ്പർ കത്ത്
7) 19.12.2013 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഡി&പി) റുടെ ബി9-7937/2011 നമ്പർ കത്ത്
8) 07.10.2014 ലെ 7797/എ 1/2013/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9) 06.02.2015 തീയതിയായി ശ്രീ.കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), 20.03.2015 തീയതിയായി ശ്രീ.ഇ.പി.കുമാരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട), 07.04.2015 തീയതിയായി ശ്രീ.സി.കെ.പത്മനാഭൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ.
10) 06.05.2015, 26.05.2015 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി9-7937/2011 നമ്പർ കത്തുകൾ.

11) 11.08.2015 ലെ 7797/എ 1/2013/വനം നമ്പർ സർക്കാർ കത്ത്

12) 30.03.2016 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എ I(3)8633/15/ജി.ഡബ്ല്യൂ നമ്പർ കത്ത്.

13) 06.08.2016 ലെ 7797/എ 1/2013/വനം നമ്പർ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്.

14) 10.10.2016 തീയതിയായി ശ്രീ.ഇ.പി.കുമാരൻ, 07.10.2016 തീയതിയായി ശ്രീ.കെ.യു.മുഹമ്മദ് ഹനീഫ, ശ്രീ.സി.കെ.പത്മനാഭൻ എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ.

15) 12.12.2016, 24.12.2016, 26.01.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) ൻ്റെ ബി9-7937/2011 നമ്പർ കത്തുകൾ.

## ഉത്തരവ്

പെരിയാർ വെസ്റ്റ് ഡിവിഷൻ, കുമരകം പക്ഷി സങ്കേതത്തിൽ 1997-98, 2000-01 കാലയളവിൽ നടന്ന ഡിപ്പാർട്ട്മെന്റൽ ജോലികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) പരാമർശം (1) പ്രകാരം റിപ്പോർട്ട് നൽകി. തുടർന്ന് സർവ്വശ്രീ. ടി.എ.സാദിക് ഖാൻ, അസിസ്റ്റൻറ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജെ.ഹരിദാസ്, റെയിഞ്ച് ഓഫീസർ, കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഓഫീസർ, പി.റെജികുമാർ, ഫോറസ്റ്റ് ഗാർഡ്, സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ് എന്നിവരെ പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും, കുറ്റാരോപിതർക്ക് താഴെപ്പറയുന്ന കുറ്റങ്ങൾക്ക് കുറ്റപത്രവും, കുറ്റാരോപണപത്രികയും നൽകുകയും കുറ്റാരോപിതരെല്ലാം സമാധാനം സമർപ്പിക്കുകയും ചെയ്തിരുന്നു.

1) കുമരകം പക്ഷി സങ്കേതത്തിൽ ജോലി ചെയ്തിരുന്ന കാലയളവിൽ നേഴ്സറി നിർമ്മാണത്തിലും തൈകളുടെ വിതരണത്തിലും ഐക്കോർണിയ വീഡ്സ് നീക്കം ചെയ്തതിലും ബണ്ട് നിർമ്മാണത്തിലും മണ്ണ് നികത്തൽ ജോലികളിലും കനാലിൽ നിന്നും ചെളിവാരി നീക്കം ചെയ്ത ജോലികളിലും പൈലിങ്ങ് ആന്റ് നാച്ചിങ്ങ് ജോലികളിലും ഓഫീസ് നിർമ്മാണത്തിലും ക്രമക്കേടുകൾ വരുത്തി സർക്കാർ പണം ദുരുപയോഗം ചെയ്തു.

2) മേൽ ജോലികളിൽ ഫീൽഡിൽ യഥാർത്ഥത്തിൽ ചെയ്യാത്ത ജോലികൾക്ക് കൺവീനർക്ക് തുക അനുവദിക്കുന്നതിനായി എം.ബുക്കും, ബില്ലും തയ്യാറാക്കി മേലധികാരികൾക്ക് സമർപ്പിച്ചു.

3) സർക്കാർ പണം കൈക്കലാക്കണമെന്നുള്ള ദുരുദ്ദേശത്തോടുകൂടി തെറ്റായ രേഖകൾ ഉണ്ടാക്കി മേലധികാരിക്ക് സമർപ്പിച്ചു.

4) മേൽ വിവരിച്ച പ്രവൃത്തി മൂലം സർക്കാർ ഡ്യൂട്ടിയിൽ ഗുരുതരമായ വീഴ്ചയും കൃത്യവിലോപവും കാട്ടി

2) ടി ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ട്മെന്റ് വിസി 02/2005/കെടിഎം എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തു. തുടർന്ന് പരാമർശം (3) പ്രകാരം വിജിലൻസ് കേസ് പൂർത്തിയാക്കുന്നതുവരെ ടി അച്ചടക്ക നടപടി നിർത്തിവയ്ക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

3) ടി വിജിലൻസ് കേസ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചു. ടി റിപ്പോർട്ട് പ്രകാരം ടിയാന്മാർക്കെതിരെ ഉന്നയിച്ചിരുന്ന വിവിധ ആരോപണങ്ങളിൽ, 3 കേസ്സുകളിൽ മതിയായ തെളിവുള്ളതിനാൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടതായും 7 കേസ്സുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടില്ലായെന്നും, 12 കേസ്സുകളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ, ഇല്ലയോ എന്ന് തെളിയിക്കാൻ മതിയായ തെളിവുകൾ ഇല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഗൊങ്ങിണിക്കര, കുമരകം എന്നീ സ്ഥലങ്ങളിൽ കണ്ടൽ നേഴ്സറി എടുത്ത ജോലിയിൽ നടന്ന ക്രമക്കേടുമൂലമുണ്ടായ നഷ്ടം 2,90,366/-രൂപ കുറ്റാരോപിതരായ സർവ്വശ്രീ.ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഓഫീസർ, സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്, ശ്രീ.സജീവ്, കൺവീനർ എന്നിവരിൽ നിന്നും ഈടാക്കുവാൻ ശുപാർശ ചെയ്തു.

4) തുടർന്ന് പരാമർശം (5) പ്രകാരം, ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡിന് എതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ചും, സർവ്വശ്രീ. ഇ.പി.കുമാരൻ, കെ.യു.മുഹമ്മദ് ഹനീഫ എന്നിവർ മൂലം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിനുമായി ഒരു ഔപചാരിക അന്വേഷണം നടത്തുവാൻ ഉത്തരവായി. കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ.പ്രമോദ്.പി.പി., ഐ.എഫ്.എസ്.നെ അന്വേഷണ അധികാരിയായും, കാളിയാർ റെയിഞ്ചാഫീസറായിരുന്ന ശ്രീ.ടി.എൻ.രാജനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ചു.

5) അന്വേഷണാധികാരി അന്വേഷണ റിപ്പോർട്ട് സർക്കാരിലേയ്ക്ക് പരാമർശം (6) പ്രകാരം സമർപ്പിച്ചു.

6) ക്രമ നമ്പർ ഒന്നിൽ പറഞ്ഞിരിക്കുന്ന വിവിധ ആരോപണങ്ങളിൽ നേഴ്സറി നിർമ്മാണത്തിലും, തൈകളുടെ വിതരണത്തിലും നടന്ന ക്രമക്കേടുകൾ മാത്രമേ അന്വേഷണത്തിന്റെ പരിധിയിൽ വരുന്നുള്ളൂ. കുറ്റപത്രത്തിൽ പറയുന്ന ഐക്കോണിയ വീഡ്സ് നീക്കം ചെയ്യൽ, ബണ്ട് നിർമ്മാണം, മണ്ണ് നികത്തൽ, കനാലിൽ നിന്നും ചെളിവാരി നീക്കം ചെയ്യൽ, ഓഫീസ് നിർമ്മാണത്തിലെ ക്രമക്കേട് എന്നിവയും ഉൾപ്പെടുത്തിയിരുന്നെങ്കിലും, മേൽ പറഞ്ഞ സർക്കാർ ഉത്തരവുകളിൽ നേഴ്സറി നിർമ്മാണം സംബന്ധിച്ച ആരോപണത്തെക്കുറിച്ച് മാത്രമേ അന്വേഷണത്തിന് നിർദ്ദേശമുള്ളൂ എന്നതിനാൽ മറ്റ് ആരോപണങ്ങൾ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതൊഴിച്ച് ഒന്നാമത്തെ ആരോപണം മുഴുവനായും 2,3,4 ആരോപണങ്ങളും ടി അന്വേഷണത്തിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. മുകളിൽ പറഞ്ഞ 4 കുറ്റാരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുള്ളതുമാണ്.

7) ഔപചാരികാന്വേഷണത്തിൽ 1,2,4 ചാർജ്ജുകൾ പൂർണ്ണമായും 3-ാം ചാർജ്ജ് ഭാഗികമായും തെളിഞ്ഞു.

8) ടിയാന്മാരുടെ പ്രവൃത്തി വച്ച് 2,90,366/- രൂപ നഷ്ടമുണ്ടാക്കിയതിനാൽ സർക്കാർ ഡ്യൂട്ടിയിൽ ഗുരുതരമായ വീഴ്ചയും, കൃത്യവിലോപവും കാണിച്ചു എന്ന ആരോപണവും തെളിയിക്കപ്പെടുകയുണ്ടായി.

9) ടി ജോലികളുടെ നേരിട്ടുള്ള ചുമതലയിൽ ഉണ്ടായിരുന്നത് ഫോറസ്റ്റ് ഗാർഡ് ശ്രീ.സി.കെ.പത്മനാഭൻ ആയിരുന്നു. ജോലികൾ യഥാവിധി ചെയ്തു എന്ന് ഉറപ്പ് വരുത്തി യഥാർത്ഥ കണക്ക് മേലുദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുവാൻ ടിയാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ ടിയാൻ തെറ്റായ കണക്കുകളാണ് മേലുദ്യോഗസ്ഥരെ ബോധിപ്പിച്ചിട്ടുള്ളത് എന്ന് കാണുന്നു.

10) ടി ജോലിക്കുള്ള തുകകൾ നൽകുന്നതിന് മുൻപായി പ്രസ്തുത ജോലി യഥാവിധി ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും അത് സംബന്ധിച്ച യഥാർത്ഥ കണക്കുകൾ രേഖപ്പെടുത്തി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ ബോധ്യപ്പെടുത്തുവാനും റെയിഞ്ച് ഓഫീസർക്ക് ബാധ്യതയുണ്ടായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കുറ്റാരോപിതനായ ശ്രീ.മുഹമ്മദ് ഹനീഫ, ശ്രീ.സി.കെ.പത്മനാഭൻ എന്നിവർ തയ്യാറാക്കിയ തെറ്റായ കണക്കുകൾ അപ്പാടെ തന്നെ അംഗീകരിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുകയാണ് ചെയ്തത്.

11) തന്റെ കീഴുദ്യോഗസ്ഥർ ചെയ്തിട്ടുള്ള ജോലികളെല്ലാം യഥാവിധി ചെയ്തിട്ടുണ്ടെന്നും ടി ജോലികൾക്ക് അനുവദനീയമായ തുകകൾ മാത്രമാണ് പാസാക്കി നൽകുന്നത് എന്നും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ഇവിടെ തന്റെ കീഴുദ്യോഗസ്ഥർ തയ്യാറാക്കിയ തെറ്റായ കണക്കുകൾ അപ്പാടെ അംഗീകരിക്കുകയാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചെയ്തിരിക്കുന്നത്.

12) മുകളിൽ പറഞ്ഞ വസ്തുതകൾ പരിഗണിക്കുമ്പോൾ ഈ കേസിലുള്ള സർക്കാർ നഷ്ടം കുറ്റാരോപിതരിൽ നിന്നും താഴെപ്പറയും വിധം തുല്യമായി ഈടാക്കാവുന്നതാണെന്ന് അന്വേഷണാധികാരി ശുപാർശ ചെയ്തു.

1) ശ്രീ.ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട) -96,789/- രൂപ

2) ശ്രീ.കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഓഫീസർ (റിട്ട) -96,789/- രൂപ

3) ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ് -96,789/- രൂപ

13) അന്വേഷണ റിപ്പോർട്ടിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) തന്റെ അഭിപ്രായം പരാമർശം (7) പ്രകാരം സർക്കാരിനെ അറിയിച്ചു.

14) കുമരകം പക്ഷി സങ്കേതത്തിലെ കണ്ടൽച്ചെടി നഴ്സറി നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണങ്ങളാണ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്.

15) ഔപചാരികാന്വേഷണത്തിൽ, കുറ്റാരോപിതരായ ശ്രീ.ഇ.പി.കുമാരൻ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (റിട്ട), ശ്രീ.കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഓഫീസർ (റിട്ട), ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ് എന്നിവർക്കെതിരെയുള്ള ചാർജ്ജുകളിൽ 1,2,4 എന്നിവ പൂർണ്ണമായും 3-ാം ചാർജ്ജ് ഭാഗികമായും തെളിഞ്ഞിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്. ടി കേസ്സിനാധാരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളത് 2000-01 കാലഘട്ടത്തിലാണ് എന്നും, മുൻപ് വനം വകുപ്പ് വിജിലൻസ് വിഭാഗവും, പോലീസ് വിജിലൻസ് വിഭാഗവും രേഖപ്പെടുത്തിയിട്ടുള്ള മൊഴികളുടെയും അന്വേഷണത്തിന്റെ ഭാഗമായി വിചാരണ ചെയ്യപ്പെട്ട സാക്ഷിമൊഴികളുടെയും

അടിസ്ഥാനത്തിലാണ് തെളിവുകൾ ശേഖരിച്ചിട്ടുള്ളത് എന്നും, ക്രമക്കേടുകൾ നടന്ന് ദീർഘമായ കാലയളവിനു ശേഷം പ്രൊസിക്യൂഷൻ വിഭാഗത്തിന് പുതിയ തെളിവുകൾ ശേഖരിച്ച് ഹാജരാക്കുവാൻ സാധിച്ചിട്ടില്ല എന്നും അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

16) എന്നാൽ അന്വേഷണ വിചാരണയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ക്രോസ് വിസ്താരങ്ങളിലെ സാക്ഷിമൊഴികളിലെല്ലാം തന്നെ ടി ക്രമക്കേടുകളിൽ, കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭ്യമാവുന്നുണ്ട്. കുറ്റാരോപിതർ നടത്തിയിട്ടുള്ള എതിർവിസ്താരങ്ങളിൽ ടിയാന്മാർക്ക്, തങ്ങൾക്കെതിരെ നിരത്തപ്പെട്ട തെളിവുകളെ ഖണ്ഡിക്കുവാൻ സാധിച്ചിട്ടില്ല എന്നും കാണുന്നു.

17) കൂടാതെ അന്വേഷണാധികാരിയുടെ കണ്ടെത്തലുകൾ, മുൻപ് ഈ വിഷയത്തിൽ നടത്തപ്പെട്ടിട്ടുള്ള വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകളെ ശരിവയ്ക്കുന്ന തരത്തിലുമാണെന്ന് കാണുന്നു. അതിനാൽ അന്വേഷണാധികാരിയുടെ കണ്ടെത്തലുകളോട് വിയോജിക്കാതിരിക്കാൻ കാരണം കാണുന്നില്ല.

18) മേൽ സാഹചര്യത്തിൽ അന്വേഷണാധികാരിയായ ശ്രീ.പി.പി.പ്രമോദ്, ഐ.എഫ്.എസ് സമർപ്പിച്ച ഔപചാരികാന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളോട് പൂർണ്ണമായും യോജിക്കുന്നു എന്നും ടി അന്വേഷണ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) അഭിപ്രായപ്പെട്ടു.

19) കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം സർവ്വശ്രീ. ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട), കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ചാഫീസർ (റിട്ട.) ന്റെയും ഡി.സി.ആർ.ജി.യിൽ നിന്നും 96,789/- രൂപ വീതം ഈടാക്കാനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- (അഞ്ഞൂറ് രൂപ) വിതം സ്ഥിരമായി കുറവു ചെയ്യാനും കൂടാതെ ശ്രീ.സി.കെ.പത്മനാഭൻ (ഫോറസ്റ്റ് ഗാർഡ്)ന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും സർക്കാർ താൽക്കാലികമായി തീരുമാനിയ്ക്കുകയും ടിയാന്മാർക്ക് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. കാരണം കാണിക്കൽ നോട്ടീസുകൾക്ക് പരാമർശം (9) പ്രകാരം ടിയാന്മാർ നൽകിയ വിശദീകരണങ്ങളിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (10) പ്രകാരം ടിയാന്മാരുടെ വിശദീകരണം തൃപ്തികരമല്ലായെന്ന് അറിയിച്ചു

20) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ അഭിപ്രായത്തിലും കുറ്റാരോപിതരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും കുമരകം പക്ഷി സങ്കേതത്തിൽ 2000-01 കാലയളവിൽ നടന്ന ഡിപ്പാർട്ട്മെന്റൽ ജോലികളിലും ഗൊങ്ങിണിക്കര, കുമരകം എന്നീ സ്ഥലങ്ങളിലെ കണ്ടൽ നഴ്സറി നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിലും സർവ്വശ്രീ.ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.) മുഹമ്മദ് ഹനീഫ റെയിഞ്ചാഫീസർ (റിട്ട.) സി.കെ.പത്മനാഭൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ കുറ്റക്കാരാണെന്ന് വിജിലൻസ് അന്വേഷണത്തിലും സർക്കാർ നടത്തിയ ഔപചാരികാന്വേഷണത്തിലും തെളിഞ്ഞ സാഹചര്യത്തിൽ സർവ്വശ്രീ. ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.)ന്റെയും മുഹമ്മദ് ഹനീഫ റെയിഞ്ചാഫീസർ (റിട്ട.)ന്റെയും ഡി.സി.ആർ.ജിയിൽ നിന്നും കെ.എസ്.ആർ.ഭാഗം മൂന്നിലെ ചട്ടം മൂന്ന് പ്രകാരം 96,789/-

(തൊണ്ണൂറായിരത്തി എഴുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) രൂപ വീതം ഈടാക്കാനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/-(അഞ്ഞൂറ്) രൂപ വീതം സ്ഥിരമായി കുറവു ചെയ്യാനും കൂടാതെ ശ്രീ.സി.കെ.പത്മനാഭൻ (ഫോറസ്റ്റ് ഗാർഡ്)ന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും സർക്കാർ തീരുമാനിച്ചതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരാമർശം (11) പ്രകാരം ആരാഞ്ഞതിൽ സർവ്വീസിലുള്ള ശ്രീ.സി.കെ.പത്മനാഭൻ ഫോറസ്റ്റ് ഗാർഡിന് 07.10.2014 ൽ നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ ടിയാന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുക എന്ന ശിക്ഷ മാത്രമാണ് സർക്കാർ താൽക്കാലിക തീരുമാനമായി കാണിച്ചിരുന്നതെന്നും, സർക്കാരിനു നേരിട്ട സാമ്പത്തിക നഷ്ടം നികത്തേണ്ടതിനാൽ ടി നഷ്ടമായ 2,90,366/-രൂപയുടെ മൂന്നിൽ ഒരു ഭാഗമായ 96,789/-രൂപ ശ്രീ.സി.കെ.പത്മനാഭനിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശം ടി നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും അതും കൂടി സർക്കാർ താൽക്കാലിക തീരുമാനമായി കാരണം കാണിക്കൽ നോട്ടീസിൽ ഉൾപ്പെടുത്തേണ്ടതാണെന്നും, കൂടാതെ 2000-2001-ൽ ഏകദേശം പതിനഞ്ച് വർഷങ്ങൾക്കുമുമ്പ് സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കാൻ ഈ കാലയളവിലെ പലിശ ഉൾപ്പെടെയുള്ള തുക ടി മൂന്ന് കുറ്റാരോപിതരിൽ നിന്നും ഈടാക്കേണ്ടതുമാണെന്ന് പരാമർശം (12) പ്രകാരം ഉപദേശിക്കുകയുണ്ടായി.

21) സർക്കാർ ടി കാര്യം വിശദമായി പരിശോധിച്ചതിൽ ടി സർക്കാർ നഷ്ടമായ 2,90,366/- രൂപയ്ക്ക് 5% നിരക്കിൽ പലിശ കുറ്റാരോപിതരിൽ നിന്നും ഈടാക്കാമെന്ന് തീരുമാനിക്കുകയും കെ.എസ്.ആർ.ഭാഗം മൂന്നിലെ ചട്ടം 3 പ്രകാരം സർവ്വശ്രീ. ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട)ന്റെയും മുഹമ്മദ് ഹനീഫ, റെയിഞ്ചാഫീസർ (റിട്ട)ന്റെയും ഡി.സി.ആർ.ജിയിൽ നിന്നും 96,789/-രൂപ വീതം 5% (അഞ്ച് ശതമാനം) പലിശ സഹിതം ഈടാക്കാനും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- (അഞ്ഞൂറ്) രൂപ വീതം സ്ഥിരമായി കുറവു ചെയ്യാനും, സർവ്വീസിലുള്ള ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡിൽ നിന്നും 96,789/- രൂപ 5% പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കാനും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 VA പ്രകാരം ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയാനും സർക്കാർ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാന്മാർക്ക് പരാമർശം (13) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി.

22) ടി കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (14) പ്രകാരം ടിയാന്മാർ വിശദീകരണം സമർപ്പിച്ചതിന്മേൽ ടി വിശദീകരണങ്ങൾ തൃപ്തികരമല്ലായെന്നും തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (15) പ്രകാരം അഭിപ്രായപ്പെട്ടു.

23) കുമരകം പക്ഷി സങ്കേതത്തിൽ 2000-01 കാലയളവിൽ നടന്ന ഡിപ്പാർട്ട്മെന്റൽ ജോലികളിലും ഗൊങ്ങിണിക്കര, കുമരകം എന്നീ സ്ഥലങ്ങളിലെ കണ്ടൽ നഴ്സറി നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിലും ശ്രീ.ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട) ശ്രീ.കെ.യു.മുഹമ്മദ് ഹനീഫ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), ശ്രീ.സി.കെ.പത്മനാഭൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ കുറ്റക്കാരാണെന്ന് വിജിലൻസ് അന്വേഷണത്തിലും

സർക്കാർ നടത്തിയ ഔപചാരികാന്വേഷണത്തിലും തെളിഞ്ഞ സാഹചര്യത്തിലും ടിയാന്മാർ സമർപ്പിച്ച വിശദീകരണങ്ങൾ തൃപ്തികരമല്ലായെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ടിയാന്മാർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയാക്കിയ കാരണം കാണിക്കൽ നോട്ടീസിൽ നിർദ്ദേശിച്ച പ്രകാരം കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം സർവ്വശ്രീ. ഇ.പി.കുമാരൻ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (റിട്ട.)ന്റെയും മുഹമ്മദ് ഹനീഫ, റെയിഞ്ചാഫീസർ (റിട്ട.)ന്റെയും ഡി.സി.ആർ.ജിയിൽ നിന്നും 96,789/-രൂപ വീതം 5% (അഞ്ച് ശതമാനം) പലിശ സഹിതം ഈടാക്കിക്കൊണ്ടും ടിയാന്മാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- (അഞ്ഞൂറ്) രൂപ വീതം സ്ഥിരമായി കുറവു ചെയ്തുകൊണ്ടും, സർവ്വീസിലുള്ള ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡിൽ നിന്നും 96,789/- രൂപ 5% പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കിക്കൊണ്ടും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 VA പ്രകാരം ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും ടിയാന്മാർക്കെതിരെ പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)

ശ്രീ.ഇ.പി.കുമാരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട)
ശ്രീ.കെ.യു.മുഹമ്മദ് ഹനീഫ, ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ (റിട്ട)
ശ്രീ.സി.കെ.പത്മനാഭൻ, ഫോറസ്റ്റ് ഗാർഡ്
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
(23.02.2010 ലെ സി6 (വിസി 02/2005/കെടിഎം) 46965/2004 നമ്പർ കത്ത് പ്രകാരം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പട്ടം, തിരുവനന്തപുരം
(30.03.2016 ലെ എ I(3)8633/15/ജി.ഡബ്ല്യൂ നമ്പർ കത്ത് പ്രകാരം) (ആമുഖ കത്ത് സഹിതം)
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ